# Deepika

# 20 August 2018

# Kothamangalam : Flood relief



## ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാകാൻ കോതമംഗലം രൂപതയുടെ ആഹ്വാനം

**കോതമംഗലം:** പ്രളയക്കെടുതിയിൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാകാനും ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ആഹ്വാനം ചെയ്തു. രൂപതയിലെ പള്ളികളിൽ ഇന്നലെ വായിച്ച സർക്കുലറിലാണ് ഇക്കാര്യം ആവശ്യപ്പെട്ടിരിക്കുന്നത്. ഇടവകകളിലും കുടുംബങ്ങളിലും പ്രത്യേകം പ്രാർഥന നടത്തണമെന്നും ഓണാഘോഷ പരിപാടികൾ ഇത്തവണ ഒഴിവാക്കണമെന്നും ആഹ്വാനമുണ്ട്.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർക്കാർ ഏജൻസികളുമായി പരമാവധി സഹകരിച്ച് പ്രവർത്തിക്കണം. ഇടവകകളുടെ നേതൃത്വത്തിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. വീടുകളും മറ്റും നഷ്ടപ്പെട്ടവരുടെ പേരു വിവരങ്ങൾ കൃത്യമായി സർക്കാർ അധികാരികളെ ഉടൻ അറിയിക്കണം. പിന്നീട് സർക്കാർ സഹായം ലഭ്യമാകാൻ ഇത് അനിവാര്യമാണ്.

എല്ലാ ഇടവകകളിലും വസ്ത്രങ്ങളും മറ്റ് അവശ്യസാധനങ്ങളും പച്ചക്കറികളും കാർഷികോത്പന്നങ്ങളും അടുത്ത 26നുള്ളിൽ ശേഖരിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ എത്തിക്കാൻ ശ്രമിക്കണം. ഓരോ ഫൊറോനയിലും വോളണ്ടിയേഴ്സ് ടീം രൂപീകരിച്ച് ആവശ്യമായ ക്രമീകരണം ചെയ്യണമെന്നും സർക്കുലറിൽ പറയുന്നു.

രൂപതാതലത്തിൽ ഹെൽപ്പ് ഡെസ്ക്കും മെഡിക്കൽ ടീമും സജ്ജമായിട്ടുണ്ട്. ഇവരുടെ സേവനം ലഭിക്കാൻ ഹെൽപ്പ് ഡെസ്ക് ഫാ. തോമസ് ജെ.പറയിടം-ഫോൺ: 9446951135, മെഡിക്കൽ സർവീസ് ഫാ. അരുൺ വലിയതാഴത്ത്- 9447723222 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.